# ഐ.ടി @ സ്കൂളിൽ സംഭവിക്കുന്നത്

2001 ൽ രൂപീകൃതമായ ഐ.ടി.@.സ്കൂൾ അപകടകരമായ അവസ്ഥയിലേക്ക് പോകുകയാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ വ്യാപനം, വിദ്യാഭ്യാസ പാക്കേജുകൾ തയ്യാറാക്കാൻ കഴിവുള്ളവരായി അധ്യാപകരെ ശാക്തീകരിക്കൽ, ഇ-ഗവേണൻസ്, എല്ലാ സ്കൂളുകളിലും ബ്രോഡ്ബാന്റ്, സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സ് ഇവയെല്ലാം ഇന്ന് ഭീഷണിയിലാണ്. കഴിവുള്ളവരെ ഒഴിവാക്കുക എന്നതാണ് പുതിയ ഡയറക്ടർ ചുമതലയേറ്റതിന് ശേഷം നടത്തുന്ന പ്രധാനപ്പെട്ട പ്രവർത്തനം. പണിമുടക്കിയ 34 പേരെ ഒഴിവാക്കി. തിരിച്ചെടുക്കാൻ ഉത്തരവായെങ്കിലും നിലവിലുള്ളവരെയുൾപ്പെടെ കഴിവുള്ളവരെയെല്ലാം മാർച്ച് മാസത്തോടെ പിരിച്ചുവിട്ട് പുതിയ നിയമനങ്ങൾ നടത്താനാണ് നീക്കം. ഡി.പി.ഐ അറിയാതെയാണ് പ്രത്യേകിച്ച് അധികാരമില്ലാത്ത ഈ ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്.

എൽ.പി. വിദ്യാർത്ഥികളുടെ പാഠപുസ്തകം കഴിഞ്ഞ വർഷംതന്നെ തയ്യാറാക്കി അതിനു പര്യാപ്തമായ ഓപ്പറേറ്റിംഗ് സിസ്റ്റം അധ്യാപകരുടെ സഹായത്തോടെ കസ്റ്റമൈസ് ചെയ്ത് എടുക്കാനും കഴിഞ്ഞു. അധ്യാപക പരിശീലനത്തിലൂടെ ഇത് കുട്ടികളിലെത്തിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഓപ്പറേറ്റിംഗ് സിസ്റ്റം, സാങ്കേതിക വിദ്യ എന്നിവയിൽ വന്നമാറ്റത്തിനനുസരിച്ച് 2009 ലെ യു.പി പാഠപുസ്തകവും പരിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല. ഐ.സി.ടി പഠനം അവിടെയും ആരംഭിച്ചിട്ടില്ല. 2011 ൽ സജ്ജമായ റിസോഴ്സ് പോർട്ടൽ നോക്കുകുത്തിയാക്കി മാറ്റി. കഴിവുള്ളവരെ ഇത്തരം പ്രവർത്തനങ്ങളിൽ നിന്നും വിലക്കുകയും ചെയ്തു. ഐ.ടി. അധിഷ്ഠിത പഠനത്തിലൂടെ നാം നേടിയ നേട്ടങ്ങൾ ഇതരസംസ്ഥാനങ്ങൾ അത്ഭുതത്തോടെയാണ് കണ്ടിരുന്നത്. ഇത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണ്. എസ്.എസ്.എൽ.സി, ഐ.ടി. പ്രാക്ടിക്കൽ പരീക്ഷയിലുണ്ടായ അനിശ്ചിതാവസ്ഥയെ നിസ്സാരമായി കണ്ടുകൂട. അഴിമതിയും അവമതിപ്പും കൈമുതലായിട്ടുള്ള ലീഗുപ്രവർത്തകനായ ഡയറക്ടർ മന്ത്രിയാഫീസിന്റെ സഹായത്തോടെ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അറുതി വരുത്തിയേ മതിയാകൂ.

- ☞ നിർദ്ദേശിക്കപ്പെട്ട എൽ.പി സ്കൂൾ ഐ ടി പഠനം അവതാളത്തിൽ.
- ☞ യു.പി പാഠപുസ്തക പരിക്ഷ്ക്കരണ നടപടികൾ ആരംഭിച്ചിട്ടില്ല.
- ☞ ഐ.സി.ടി. റിസോഴ്സ് പോർട്ടൽ ഉപേക്ഷിച്ചു.
- ☞ ഹൈസ്കൂൾ അധ്യാപക-വിദ്യാർത്ഥി പരിശീലനം പാതി വഴിയിൽ.
- ☞ ഐ.സി.ടി. പരീക്ഷാ നടത്തിപ്പ് ആശങ്കയിൽ.
- ☞ സ്കൂളുകൾക്കുള്ള ഹാർഡ്‌വെയർ വിതരണം നടന്നിട്ടില്ല.
- ☞ ഹാർഡ്‌വെയർ പരിപാലനം ഉപേക്ഷിച്ചു.
- ☞ ഐ.ടി.@.സ്കൂളുകളിലെ നിയമനങ്ങൾ സ്വജനപക്ഷപാതപരം.
- ☞ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പാതിവഴിയിൽ ഉപേക്ഷിച്ചു.
- ☞ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം ഉപേക്ഷിക്കാനുള്ള നീക്കം.